New booking scheme from Puravankara Product

Publication: Malayala Manorama, Edition: Kochi, Reporter: Bureau, Published Dt.: 15 Feb 2013, Page No.: 6

പുതിയ ബുക്കിങ് രീതിയുമായി പുറവങ്കര പ്രൊഡക്ട്സ്

കൊച്ചി ● റിയൽ എസ്റ്റേറ്റ് ഗ്രൂപ്പായ പുറവങ്കര പ്രൊഡക്ട്സ് ലിമിറ്റഡ്, ബുക്കിങ് തുക അപ്പാർട്ട്മെന്റ് പൂർത്തിയാക്കി കൈമാറുമ്പോൾ, തിരിച്ചു നൽകുന്ന പദ്ധതി അവതരിപ്പിക്കുന്നു.

പുർവ ഏറ്റേണിറ്റി, പുർവ മുൺറിച്ച്, പുർവ ഗ്രാൻഡ് ബേ, പുർവ ഓഷിയാന എന്നീ നാലു പദ്ധതികളാണ് കമ്പനിക്ക് കൊച്ചിയിലുള്ളത്. ഗ്രാൻഡ് ബേയും ഓഷിയാനയും മൈനർ ഡ്രൈവിലും ശേഷിച്ചത് കാക്കനാടും ഇടപ്പള്ളിയിലുമാണ്. അപ്പാർട്ട്മെന്റുകളുടെ വിലയനുസരിച്ച് ബുക്കിങ് തുക ആറു ലക്ഷം രൂപ മുതൽ എട്ട് ലക്ഷം രൂപ വരെയെന്നതും നിശ്ചിത കാലയളവിലേക്കാണ് ഈ പദ്ധതിയെന്നും സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ ആനന്ദ് നാരായണൻ പറഞ്ഞു.

ബുക്കിങ് നടത്തിക്കഴിഞ്ഞാൽ, പണി പൂർത്തിയാക്കി അപ്പാർട്ട്മെന്റ് കൈമാറാൻ അറിയിപ്പു ലഭിക്കുമ്പോൾ മാത്രം പണം അടച്ചാൽ മതി. പ്രത്യേക ആനുകൂല്യമെന്ന നിലയിൽ ബുക്കിങ് തുക തിരിച്ചു നൽകുകയും ചെയ്യും. മൈനർ ഡ്രൈവിൽ ഒരു കോടി രൂപയ്ക്കു മുകളിൽ വിലവരുന്ന ഗ്രാൻഡ് ബേക്കും കാക്കനാട്ടെ 55 ലക്ഷം തൊട്ട് വിലയുള്ള ഏറ്റേണിറ്റിക്കുമാണ് പദ്ധതി ബാധകം.

കമ്പനി കൊച്ചി മേഖലയിൽ 20 ലക്ഷം ചതുരശ്ര അടിയുടെ വികസനം പൂർത്തിയാക്കി.